പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1237 08.02.2013-ലെ മറുപടിക്ക്

## കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ വിജിലൻസ് അന്വേഷണം

**ചോദ്യം**

ശ്രീ.പി.സി.വിഷ്ണനാഥ്

ശ്രീ.കെ.ശിവദാസൻനായർ

ശ്രീ.ബെന്നി ബെഹനാൻ

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

**മറുപടി**

ശ്രീ.അടൂർപ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2007-ൽ കുട്ടനാട്ടിലെ ആർ ബ്ലോക്കിലെ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വിൽപ്പന സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവ് ആയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കുട്ടനാട്ടിലെ ആർ ബ്ലോക്കിലെ കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വിൽപ്പന സംഭവത്തിൽ വിജിലൻസ് അന്വേഷണം നടത്താൻ 20.12.2012 ലെ സ.ഉ(സാധ.)നമ്പർ.7164/12/റ.വ പ്രകാരം വിജിലൻസ് വകുപ്പിനോട് ശുപാർശ ചെയ്തിരുന്നു. വിജിലൻസ് വകുപ്പിന്റെ 17.01.2013 ലെ 27043/ഇ 1/12/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് വകുപ്പ് ഡയറക്ടർക്ക് അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം കാര്യങ്ങളിലാണ് വിജിലൻസ് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പതിച്ച് നൽകിയ ഭൂമി ഈടായി സ്വീകരിച്ച് വായ്പ നൽകി കടിശ്ശികയായപ്പോൾ ഭൂമി ലേലം ചെയ്ത് ബാങ്ക് തന്നെ ലേലത്തിൽപ്പിടിച്ചതും തുടർന്ന് വില്പനയാക്കിയതും ഉൾപ്പെടെയുള്ള നടപടികളിൽ മുൻ അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ്)യുടെ അന്വേഷണ റിപ്പോർട്ടിൽ ചൂണ്ടികാട്ടിയിട്ടുള്ളതുമായ പ്രഥമദൃഷ്ട്യായുള്ള എല്ലാ അപാകതകളെക്കുറിച്ചും വീഴ്ചകളെക്കുറിച്ചും അന്വേഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) | ആർക്കെല്ലാം എതിരെയാണ് വിജിലൻസ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ; | | |
| (ഡി) | അന്വേഷണം പൂർത്തിയാകുന്നതുവരെ ഇതിൽ ഉൾപ്പെട്ട വസ്തുക്കളിൽ പോക്കുവരവ് നടത്തുന്നത് നിർത്തിവയ്ക്കാനും ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ നിലനിർത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | അന്വേഷണം പൂർത്തിയാകുന്നതുവരെ ആർ-ബ്ലോക്ക് കായൽ ഭൂമിയിൽ തൽസ്ഥിതി തുടരുന്നതിനും, പ്രസ്തുത ഭൂമിയിൽ യാതൊരുവിധ പ്രവൃത്തികളും, ക്രയവിക്രയങ്ങളും അനുവദിക്കുവാൻ പാടുള്ളതല്ലായെന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് കർശനമായി പാലിക്കാൻ കുട്ടനാട് തഹസീൽദാർക്കും ജില്ലാ രജിസ്ട്രാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ